## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ആവശ്യമില്ലാതെ ഭയം നമ്മുടെ ഹൃദയത്തെയും മനസ്സിനെയും കീഴടക്കിയിരിക്കുന്നു. അതിനാൽ നമുക്ക് വിശ്രമം ലഭിക്കുന്നില്ല. എന്നാൽ നമ്മെ സ്നേഹിക്കുന്ന കർത്താവ് നമ്മളെപ്പററി ആഗ്രഹിക്കുന്നത്, നാം നല്ലതുപോലെ വിശ്രമിക്കേണം എന്നാണ്. ശരീരം കൊണ്ട് കഠിനമായി അദ്ധ്വാനിക്കുമ്പോഴും നമുക്ക് വിശ്രമത്തിന്റെ അനുഭവം ലഭിക്കും. നമ്മുടെ ഹൃദയവും മനസ്സും സ്വസ്ഥമായിരിക്കും. ബാഹ്യമായി എന്തെല്ലാം സംഭവിച്ചാലും ശാരീരികമായി ഏതവസ്ഥയിലായിരുന്നാലും നമുക്ക് ആന്തരിക വിശ്രമമുള്ളവരായിരിക്കുവാൻ സാധിക്കും. അതുകൊണ്ടാണ് ദൈവമക്കൾ 'എന്റെ ഹൃദയവും മനസ്സും ദൈവത്തിൽ ഉറച്ചിരിക്കുന്നു. എന്റെ ഉള്ളം യഹോവയിങ്കൽ പ്രത്യാശ വച്ചിരിക്കുന്നു' എന്ന് സാക്ഷിക്കുന്നത്. ആന്തരികമായ വിശ്രമം എത്രയോ ശ്രേഷ്ഠമേറിയതാണ്.

'ഭയം ദൈവത്തിങ്കൽ നിന്നും വരുന്നതല്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണം. 2 തിമൊത്തിയോസ് 1:17 'ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്ക് തന്നത്. 'ഭീരുത്വത്തിന്റെ ആത്മാവിനെ ദൈവം നമുക്ക് തന്നിട്ടില്ല, തരികയുമില്ല. പിന്നെ ഭയം എവിടെ നിന്ന് വന്നു. അത് മാനവജാതിയുടെ ശത്രുവും നമ്മെ ഏതെങ്കിലും വിധത്തിൽ നശിപ്പിക്കുവാൻ ശ്രമിക്കുന്നവനുമായ സാത്താനിൽ നിന്നും വരുന്നതുമാണ്. അതിന്റെ മൂല കാരണം പാപവുമാണ്. ആദിയിൽ, ആദാവും ഹവ്വായും ഭയത്തിൽ നിന്നും പൂർണ്ണമായി സ്വതന്ത്രരായിരുന്നു.

എന്നാൽ ദൈവത്തോട് അനുസരണക്കേട് കാണിക്കുകയും ദൈവത്തിനെതിരായി പാപം ചെയ്യുകയും ചെയ്തതോടുകൂടെ, ഭയം അവരെ കീഴടക്കി ദൈവത്തെ അഭിമുഖികരിക്കാൻ അവർ അപ്രാപ്തരായി തീർന്നു. സ്നേഹിതാ, നമ്മുടെ ആന്തരികഭയത്തിന് കാരണം, നാം ദൈവത്തോട് പാപം ചെയ്തു എന്നതുതന്നെയല്ലേ. നമ്മുടെ ഉള്ളിന്റെ ഉള്ളിൽ സ്ഥാനം പിടിച്ചിരിക്കുന്ന ഭയം നമ്മെ വീണ്ടും കീഴ്പ്പെടുത്തിയിരിക്കുന്നു. മററുള്ളവരുടെ മുമ്പിൽ നാം സന്തോഷിക്കുവാൻ ശ്രമിക്കുന്നു. പക്ഷേ, ഏകനായിരിക്കുമ്പോൾ നെടുവീർപ്പിടുന്നു. കിടക്കാൻ ശ്രമിക്കുന്നു, വിശ്രമം ലഭിക്കുന്നില്ല. നമുക്ക് വിശ്രമം ലഭിക്കണമെങ്കിൽ, ആ ഭയത്തിൽ നിന്നും നാം സ്വതന്ത്രരായേ മതിയാകൂ.

തുടരും....